"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

**ഇൻ ഫർ മേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്- പത്രപ്രവർത്തക/ പത്രപ്രവർത്തകേതര ക്ഷേമ പെൻഷൻ പദ്ധതികൾ- പെൻഷൻ തുക വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ( എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.6/2024/I&PRD

തിരുവനന്തപുരം, തീയതി 12-03-2024

പരാമർശം:-

1. 16.08.1993-ലെ സ.ഉ.(പി) 7/93/പി.ആർ. നമ്പർ ഉത്തരവ്.
2. സ.ഉ (പി ) നം . 02/2000/പിആർ തീയതി 04.02.2000.
3. 2021-2022 ലെ ബഡ്ജറ്റ് പ്രഖ്യാപനം.
4. സ.ഉ (കൈ) നം. 13/2022/ഐ&പിആർഡി തീയതി 24.06.2022.

**ഉത്തരവ്**

കേരളത്തിലെ മാധ്യമസ്ഥാപനങ്ങളിലെ ജീവനക്കാർക്കായി പരാമർശം (1), (2) എന്നിവ പ്രകാരം പത്രപ്രവർത്തക/ പത്രപ്രവർത്തകേതര ക്ഷേമ പെൻഷൻ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട് 2021-22-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ജേർണലിസ്റ്റ്, നോൺ-ജേർണലിസ്റ്റ് പെൻഷനുകൾ 1,000/- രൂപയുടെ വർദ്ധനവ് വരുത്തുന്നതായി പ്രഖ്യാപിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം 500/- രൂപ വീതം വർദ്ധിപ്പിച്ച്, യഥാക്രമം പത്രപ്രവർത്തക പെൻഷൻ ഇനത്തിൽ 10,500/- രൂപയും, പത്രപ്രവർത്തകേതര പെൻഷൻ ഇനത്തിൽ 6,500/- രൂപയും നൽകി വരുന്നു. ആയതിനാൽ 2021-22-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിലെ വർദ്ധനവ് പൂർണ്ണമായും വരുത്തേണ്ട സാഹചര്യമുണ്ട്

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്രപ്രവർത്തക/ പത്രപ്രവർത്തകേതര വിഭാഗങ്ങൾക്ക് 500/- രൂപ കൂടി വർദ്ധനവ് അനുവദിച്ച്, യഥാക്രമം 11,000/- രൂപയായും, 7,000/- രൂപയായും വർദ്ധിപ്പിച്ച്, 2021-2022 ബഡ്ജറ്റ് പ്രഖ്യാപന പ്രകാരമുള്ള വർദ്ധനവ് പൂർണ്ണതോതിൽ നടപ്പിൽ വരുത്തി ഉത്തരവാകുന്നു.

പ്രസ്തുത വർദ്ധനവിന് ഈ ഉത്തരവ് തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്യാം വി
ഡെപ്യൂട്ടി സെക്രട്ടറി

എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ബി ) വകുപ്പ്
ധനകാര്യ വകുപ്പ് (06.02.2024-ലെ 2507145/EXP-D4/108/2023/ധന നം. U.O (R) )
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ ) കേരള , തിരുവനതപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sonia James
Date: 12-03-2024 12:55:53

.ഉ.(കൈ) നം.6/2024/I&PRD

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പി.എസ്

ഡയറക്ടറുടെ സി.എ

അഡീഷണൽ ഡയറക്ടറുടെ സി.എ ( ജനറൽ & അഡ്മിനിസ്ട്രേഷൻ)

ഡെപ്യൂട്ടി ഡയറക്ടർ (പെൻഷൻ)

ഡെപ്യൂട്ടി സെക്രട്ടറി

അക്കൗണ്ട്സ് ഓഫീസർ

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) — വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി